# പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 3409

14.03.2018 – ൽ മറുപടിക്ക്

## ഉപയോഗയോഗ്യമല്ലാത്ത ഭക്ഷ്യധാന്യങ്ങൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ.മഞ്ഞളാംകുഴി അലി :** | | **ശ്രീ. പി. തിലോത്തമൻ (ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പമന്ത്രി)** | |
| (എ) | റേഷൻ കടകൾ വഴി വിതരണം ചെയ്യാൻ സൂക്ഷിക്കുന്ന ഭക്ഷ്യധാന്യങ്ങൾ ഉപയോഗയോഗ്യമല്ലാതായിത്തീരുന്ന സാഹചര്യങ്ങളിൽ ഇവ എന്ത് ചെയ്യാനാണ് നിർദ്ദേശം നൽകിയിട്ടുള്ളത്; | (എ) | റേഷൻ കടകൾ വഴി വിതരണം ചെയ്യാൻ സൂക്ഷിക്കുന്ന ഭക്ഷ്യധാന്യങ്ങൾ പ്രകൃതി ദുരന്തം മൂലമോ, സമാനമായ മറ്റേതെങ്കിലും സാഹചര്യത്തിലോ ഉപയോഗ്യശൂന്യമായിത്തീരുന്ന സാഹചര്യത്തിൽ സർക്കാർ ഉചിതമായ തീരുമാനം എടുക്കാറുണ്ട്. എന്നാൽ റേഷൻ കട ലൈസൻസിയുടെ ഭാഗത്ത് നിന്നുള്ള വീഴ്ചകളിൽ ടിയാളിൽ നിന്ന് നഷ്ടപരിഹാരം ഈടാക്കും. |
| (ബി) | ഇത്തരത്തിൽ ഗുരുതരമായ ആരോഗ്യപ്രശ്നങ്ങൾക്ക് കാരണമാകുന്നതും ഗുണനിലവാരമില്ലാത്തതെന്ന് റിപ്പോർട്ട് ചെയ്യപ്പെട്ടതുമായ ഭക്ഷ്യധാന്യങ്ങൾ അണുവിമുക്തമാക്കി വിറ്റഴിയ്ക്കുന്നതിന് സപ്ലൈകോയ്ക്കും ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കും എന്തെങ്കിലും തരത്തിലുള്ള നിർദ്ദേശം നൽകിയിട്ടുണ്ടോ; | (ബി) യും (സി) യും (ഡി) യും | ദേശീയഭക്ഷ്യ ഭദ്രതാനിയമം, 2013 നിലവിൽ വന്നപ്പോൾ ഭക്ഷ്യധാന്യങ്ങളുടെ സംഭരണം, വിതരണം എന്നിവ സപ്ലൈകോയെ ഏൽപ്പിച്ച സാഹചര്യത്തിൽ ഇക്കാര്യത്തിൽ പാലിക്കേണ്ട നിബന്ധനകൾ സംബന്ധിച്ച് 06.10.2017 ലെ സ.ഉ(സാധാ) നം.353/2017/ഭ.പൊ.വി.വ പ്രകാരം നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്.<br><br>അണുവിമുക്തമാക്കാത്ത ഭക്ഷ്യധാന്യങ്ങൾ സംസ്ഥാനത്ത് വിറ്റഴിക്കപ്പെട്ടതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (സി) | എങ്കിൽ ഏത് സാഹചര്യത്തിലാണ് ഇത്തരത്തിൽ നിർദ്ദേശം നൽകിയതെന്നറിയിക്കുമോ; | | |
| (ഡി) | അണുവിമുക്തമാക്കാത്ത ഭക്ഷ്യധാന്യങ്ങൾ സംസ്ഥാനത്ത് എവിടെയെങ്കിലും വിറ്റഴിയ്ക്കപ്പെട്ടിട്ടുള്ളതായി ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിനെതിരെ ആവശ്യമായ നടപടി സ്വീകരിയ്ക്കുമോ? | | |

*സെക്ഷൻ ഓഫീസർ*

**കേരള സർക്കാർ**

**സംഗ്രഹം**

ഭക്ഷ്യ പൊതുവിതരണ വകുപ്പ് - ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം, 2013- വാതിൽപ്പടി വിതരണരംഗത്തെ ഇൻറർമീഡിയറ്റ് ഗോഡൗണുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് മാർഗ്ഗരേഖ നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഭക്ഷ്യ പൊതുവിതരണ (ബി) വകുപ്പ്

സ.ഉ.(സാധാ) നം.353/2017/ഭ.പൊ.വി.വ തിരുവനന്തപുരം, തീയതി 06.10.17.

പരാമർശം :- സ.ഉ(കൈ) നം.11/2016/ഭ.സി.സ.വ തീയതി 29.08.16.

## ഉത്തരവ്

ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം, 2013 സംസ്ഥാനത്ത് നടപ്പിലാക്കുന്നതിന്റെ ഭാഗമായി എഫ്.സി.ഐ ഗോഡൗണുകളിൽ നിന്ന് ഭക്ഷ്യധാന്യങ്ങൾ വിട്ടെടുത്ത് ഇന്റർമീഡിയറി ഗോഡൗണുകളിൽ സംഭരിച്ച് റേഷൻ ഡിപ്പോകളിലെത്തിക്കുന്ന ഉത്തരവാദിത്തം പരാമർശ പ്രകാരം സപ്ലൈകോയെ ഏൽപ്പിച്ച് ഉത്തരവായിരുന്നു. വാതിൽപ്പടി വിതരണത്തിന്റെ ഭാഗമായുള്ള ഇന്റർമീഡിയറി ഗോഡൗണുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് താഴെ പറയുന്ന മാർഗ്ഗ നിർദ്ദേശങ്ങൾ നൽകി ഉത്തരവാകുന്നു.

1. ഗോഡൗണുകളിൽ ഭക്ഷ്യധാന്യങ്ങൾ ആധുനിക ശാസ്ത്രീയ രീതിയിൽ അട്ടിയിട്ട് സംഭരിക്കേണ്ടതാണ്.
2. ഗോഡൗണുകളിൽ ഭക്ഷ്യധാന്യങ്ങൾ കേട്ട കൂടാതെ സംരക്ഷിക്കപ്പെടുന്നതിനും, കീടങ്ങൾ, എലി, പക്ഷി, ഈർപ്പം, മഴ ഇവ കാരണം നാശം സംഭവിക്കാതെ സൂക്ഷിക്കുന്നതിനും, രാസവളം, കീടനാശിനി, മറ്റു വിഷാംശമുള്ള വസ്തുക്കൾ എന്നിവയുടെ സമീപത്തു നിന്നും മാറ്റി സംരക്ഷിക്കുന്നതിനും ഉപാധികളുണ്ടാകേണ്ടതാണ്. മേൽ സംരക്ഷണം ഉറപ്പാക്കുന്നതിന് നിശ്ചിത ഇടവേളകളിൽ ക്വാളിറ്റി കൺട്രോളറുടെ പരിശോധന നിർബന്ധമായും ഉണ്ടാകേണ്ടതാണ്.
3. താലൂക്ക് സപ്ലൈ ഓഫീസ്/സപ്ലൈകോ ഡിപ്പോ, ജില്ലാ സപ്ലൈ ഓഫീസ് എന്നിവിടങ്ങളിൽ അലോട്ട്മെന്റ്, റിലീസിംഗ് ഓർഡർ, ദിവസേനയുള്ള വരവ് (ട്രക്ക് ചീട്ട്), ഇനം, വണ്ടി നമ്പർ, അളവ് എന്നിവ സംബന്ധിച്ച രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്. ഡിപ്പോകളിൽ അംഗീകൃത ഏജൻസി ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തിയ രജിസ്റ്ററുകൾ മാത്രമാണ് ഉപയോഗിക്കേണ്ടത്. രജിസ്റ്ററുകളുടെ മാതൃക സിവിൽ സപ്ലൈസ് ഡയറക്ടർ തയ്യാറാക്കേണ്ടതാണ്.

4. ഗോഡൗണുകളിൽ ഭക്ഷ്യധാന്യ വിതരണത്തിന് അവശ്യം വേണ്ട വെയ്യിംഗ് ബ്രിഡ്ജ് സംവിധാനം, ആധുനിക രീതിയിലുള്ള കമ്പ്യൂട്ടർ ബന്ധിത ഇലക്ട്രോണിക് ത്രാസുകൾ, അഗ്നിശമന ഉപകരണങ്ങൾ, കീടനിയന്ത്രണത്തിന് അംഗീകൃത ഏജൻസികളുടെ സേവനം എന്നിവ ലഭ്യമാക്കേണ്ടതാണ്. കീടനിയന്ത്രണത്തിന് സ്വീകരിക്കുന്ന മാർഗ്ഗങ്ങളും കീടനാശിനികളും അംഗീകൃതവും ആരോഗ്യരക്ഷാ മാനദണ്ഡങ്ങൾ പാലിക്കുന്നവയു മായിരിക്കണം. ഭക്ഷ്യധാന്യ സംഭരണത്തിന് ഫുഡ് സേഫ്റ്റി ആന്റ് സ്റ്റാൻഡേർഡ്സ് അതോറിറ്റി ഓഫ് ഇൻഡ്യ നിഷ്കർഷിക്കുന്ന മാനദണ്ഡങ്ങൾ ഓരോ സംഭരണ ശാലയിലും പാലിക്കേണ്ടതാണ്. ഇക്കാര്യത്തിൽ ഡിപ്പോയുടെ ചാർജ്ജുള്ള ഉദ്യോഗസ്ഥൻ പ്രത്യേകം ഉത്തരവാദിയായിരിക്കും.
5. എഫ്.സി.ഐ മുതൽ ഇന്റർമീഡിയറി ഗോഡൗൺ വരെയും റേഷൻ ഡിപ്പോ വരെയും ഭക്ഷ്യധാന്യം എത്തിക്കുന്നതിന് കാര്യനിർവ്വഹണം നടത്തുന്ന ഉദ്യോഗസ്ഥരുടെ ചുമതലകളും ഉത്തരവാദിത്വങ്ങളും സംബന്ധിച്ച് സിവിൽ സപ്ലൈസ് ഡയറക്ടർ വ്യക്തമായ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കേണ്ടതാണ്.
6. ഗോഡൗണുകളിൽ ഭക്ഷ്യധാന്യങ്ങളുടെ അളവ്, സ്കീം, തൂക്കം ഇവ സംബന്ധിച്ചുള്ള നിശ്ചിത മാതൃകയിലുള്ള സ്റ്റോക്ക് ബോർഡ്, സംഭരണശാലയുടെ പേര്, നോഡൽ ഏജൻസിയുടെ പേര്, സ്ഥലം ഇവ വ്യക്തമാക്കിക്കൊണ്ടുള്ള നിശ്ചിതമാതൃകയിലുള്ള നെയിംബോർഡ്, സ്റ്റോക്ക് കസ്റ്റോഡിയൻ, ഡിപ്പോമാനേജർ എന്നിവരുടെ പേരു വിവരം, ഗോഡൗണുകളുടെ പ്രവർത്തന സമയം ഇവ കൃത്യമായും പ്രദർശിപ്പിച്ചിരിക്കേണ്ടതാണ്.
7. ഗോഡൗണുകളിൽ സി.സി. ടി.വി. സജ്ജീകരിക്കേണ്ടതും സപ്ലൈകോയുടെ അധീനതയിൽ ഒരു സെൻട്രൽ കൺട്രോൾ റൂം സ്ഥാപിക്കേണ്ടതുമാണ്. ഇത് സംബന്ധിച്ച ശുപാർശ സമർപ്പിക്കേണ്ടതാണ്.
8. ഡിപ്പോകളിൽ തൊഴിലെടുക്കുന്ന രജിസ്റ്റേർഡ് തൊഴിലാളികൾ അവരുടെ ഐഡന്റിറ്റി വ്യക്തമാക്കുന്ന രീതിയിൽ യൂണിഫോം/ഐ.ഡി കാർഡ് ധരിക്കേണ്ടതാണ്. ഡിപ്പോകളിൽ പ്രസ്തുത തൊഴിലാളികളുടെ പെരുമാറ്റവും പ്രവർത്തനവും സംബന്ധിച്ച് സിവിൽ സപ്ലൈസ് ഡയറക്ടർ വ്യക്തമായ മാർഗ്ഗ നിർദ്ദേശം നൽകേണ്ടതാണ്.
9. താലൂക്ക് സപ്ലൈ ഓഫീസർ, സപ്ലൈകോ ഡിപ്പോയിൽ നിന്നുള്ള പ്രതിദിന, പ്രതിവാര, മാസാന്ത്യ റിപ്പോർട്ടുകൾ ശേഖരിച്ച് എഫ്.സി.ഐ രേഖകളുമായി ഒത്തുനോക്കേണ്ടതും ജില്ലാ സപ്ലൈ ഓഫീസർ സാക്ഷ്യപ്പെടുത്തിയ റിപ്പോർട്ടുകൾ സൂക്ഷിക്കേണ്ടതുമാണ്.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം
**മണിലാൽ ബി.എസ്.**
**ഡെപ്യൂട്ടി സെക്രട്ടറി**

1. സിവിൽ സപ്ലൈസ് കമ്മീഷണർ, തിരുവനന്തപുരം
2. സിവിൽ സപ്ലൈസ് ഡയറക്ടർ, തിരുവനന്തപുരം
3. ചെയർമാൻ & മാനേജിംഗ് ഡയറക്ടർ, സപ്ലൈകോ, കൊച്ചി
4. ഭക്ഷ്യ പൊതുവിതരണ (സി) , (ഡി) സെക്ഷനുകൾ
5. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ